No. CEE/3737/2012/KEAM-2013/TA1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**<u>വിജ്ഞാപനം</u>**

## എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെയുള്ള മറ്റ് മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ കോളേജുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കുള്ള അവസാന ഘട്ട കേന്ദ്രീകൃതഅലോട്ട്മെന്റ്

എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെയുള്ള മറ്റ് മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്ക് സർക്കാർ/എയ്ഡഡ് കോളേജുകളിൽ ഒഴിവ് വന്ന സീറ്റുകളിലേക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ സംബന്ധിച്ച് 04.10.2013 ന് പ്രവേശന പരീക്ഷാ കമ്മിഷണർ വിജ്ഞാപനം ഇറക്കിയിരുന്നു. പ്രസ്തുത വിജ്ഞാപന പ്രകാരം സ്വകാര്യ സ്വാശ്രയ ആയുർവേദ കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികളുടെ എല്ലാ ഹയർ ഓപ്ഷനുകളും സർക്കാർ ഉത്തരവിന് വിധേയമായി റദ്ദാക്കിയിരുന്നു. അതോടൊപ്പം എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ ഉൾപ്പെടെ വിവിധ കോഴ്സുകളിൽ പ്രവേശനം നേടിയവരുടെ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള ഹയർ ഓപ്ഷനുകൾ നിലനിർത്തുകയും ഈ ഹയർ ഓപ്ഷനുകൾ ആവശ്യമില്ലാത്ത പക്ഷം റദ്ദ് ചെയ്യുന്നതിനും, ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനുമുള്ള അവസരം നൽകുകയും ചെയ്തിരുന്നു. എന്നാൽ തുടർന്ന് വന്ന സർക്കാർ നിർദ്ദേശ പ്രകാരം പ്രസ്തുത അലോട്ട്മെന്റ് നടപടിക്രമങ്ങൾ മാറ്റിവച്ചതായി 06.10.2013 ന് പ്രവേശന പരീക്ഷാ കമ്മീഷണർ വിജ്ഞാപനം ചെയ്തിരുന്നു.

10.10.2013, 11.10.2013 എന്നീ തീയതികളിലെ പുതിയ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഇതിനോടകം സ്വകാര്യ സ്വാശ്രയ ആയുർവേദ, സിദ്ധ കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് പ്രകാരം പ്രവേശനം നേടിയ വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് അവസാന ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടത്തുവാൻ ഉത്തരവായിട്ടുണ്ട്. ഇതുപ്രകാരം സ്വകാര്യ സ്വാശ്രയ ആയൂർവദ/സിദ്ധ കോളേജുകളിലും, വിവിധ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിലും പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എല്ലാ ഹയർ ഓപ്ഷനുകളും പുന:സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും **11.10.2013 മുതൽ 16.10.2013 വൈകുന്നേരം 4 മണി വരെ <u>www.cee.kerala.gov.in</u>** എന്ന വെബ് സൈറ്റിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്. എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ ഉൾപ്പെടെ വിവിധ കോഴ്സുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് പ്രകാരം പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ അവർ പഠിച്ചുവരുന്ന കോഴ്സുകൾ തൃപ്തികരമാണെങ്കിൽ നിശ്ചിത സമയത്തിനുള്ളിൽ അവരുടെ ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടതാണ്. ഇത്തരക്കാർ 04.10.2013 ലെ വിജ്ഞാപനം അനുസരിച്ച് ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യുകയോ പുന:ക്രമീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം മാറ്റങ്ങൾ സ്വീകരിക്കപ്പെട്ടിട്ടില്ല. ആയതിനാൽ ഈ വിദ്യാർത്ഥികൾ ആവശ്യമില്ലാത്ത ഓപ്ഷനുകൾ വീണ്ടും റദ്ദ് ചെയ്യുകയോ പുന:ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്. എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യാതെ തുടർന്ന് നടക്കുന്ന മെഡിക്കൽ അലോട്ട്മെന്റുകളിൽ പങ്കെടുത്ത് പ്രവേശനം ലഭിച്ചാൽ KEAM 2013 പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരവും, തുടർന്ന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായും, നിയമാനുസൃതമുള്ള പിഴ അതത് കോളേജുകളിൽ ഒടുക്കാൻ ബാദ്ധ്യസ്ഥരായിരിക്കും.

നിശ്ചിത സമയത്തിന് ശേഷം അവശേഷിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **18.10.2013** ന് **അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.** അപ്രകാരം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി ഫീസ് **19.10.2013, 21.10.2013, 22.10.2013** എന്നീ തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. **SBT** ശാഖകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്.

ഇപ്രകാരം അലോട്ട്മെന്റ് ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികളും അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ടും KEAM 2013 പ്രോസ്പെക്ടസ് ഖണ്ഡിക **11.7.1** ൽ പറയുന്ന രേഖകളുടെ അസ്സലും സഹിതം **19.10.2013, 21.10.2013, 22.10.2013** എന്നീ തീയതികളിൽ അതത് കോളേജ് പ്രിൻസിപ്പലിനു മുമ്പാകെ നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്.

പ്രസ്തുത അലോട്ട്മെന്റ് സ്വകാര്യ സ്വാശ്രയ ആയുർവേദ, സിദ്ധ കോളേജുകളിലേക്കുള്ള അവസാന അലോട്ട്മെന്റ് ആയതിനാൽ ഈ കോളേജുകളിലേക്ക് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ നിശ്ചയമായും കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരവും, തുടർന്നുള്ള സർക്കാർ ഉത്തരവുകൾ അനുസരിച്ചും നിയമാനുസൃതമുള്ള പിഴ ഒടുക്കാൻ ബാദ്ധ്യസ്ഥരായിരിക്കും.

**22.10.2013** വൈകുന്നേരം **5.30 ന്** ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ നോൺ ജോയിനിംഗ് റിപ്പോർട്ട് ഓൺലൈനായി രേഖപ്പെടുത്തിയ ശേഷം അതിന്റെ പ്രിന്റൗട്ട് പ്രവേശന പരിക്ഷാ കമ്മീഷണറുടെ ഓഫീസിലേക്ക് ഫാക്സ് മുഖാന്തിരം അയച്ചു തരേണ്ടതാണ്.

**അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു**

| | |
|---|---|
| 11.10.2013 | നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു |
| 16.10.2013<br>വൈകുന്നേരം 4 മണി | ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു |
| **18.10.2013** | **അലോട്ട്മെന്റ്** |
| 19.10.2013, 21.10.2013 & 22.10.2013 | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/ ബാക്കി ഫീസ് ഒടുക്കേണ്ടതാണ്. |
| 19.10.2013, 21.10.2013 & 22.10.2013 | വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോളേജിലെ പ്രിൻസിപ്പൽ മുമ്പാകെ ബന്ധപ്പെട്ട അസ്സൽ രേഖകൾ സഹിതം ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അതോടൊപ്പം ഫീസിനത്തിൽ കോളേജിൽ ഒടുക്കേണ്ട ബാക്കി തുക ഉണ്ടെങ്കിൽ അതും കോളേജിൽ ഒടുക്കേണ്ടതാണ്. |
| 22.10.2013<br>(വൈകുന്നേരം 5.30) | കോളേജ് പ്രിൻസിപ്പൽമാർ നോൺ ജോയിനിംഗ് റിപ്പോർട്ട് പ്രവേശന പരീക്ഷ കമ്മീഷണർക്കു ഓൺലൈനായും അതിന്റെ പ്രിന്റൗട്ട് ഫാക്സ് മുഖാന്തിരവും നൽകണം. |

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
11.10.2013

**ജോയിന്റ് കമ്മീഷണർ (അക്കാഡമിക്)**
**പ്രവേശന പരീക്ഷാ കമ്മീഷണർ (ഇൻ ചാർജ്)**